# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:567 | 21.11.2019-ൽ മറുപടിയ്ക്ക്

## ഹാർബർ വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.എം. മുകേഷ്<br>ശ്രീമതി യു. പ്രതിഭ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി ബജറ്റ് ഫണ്ട് ഉപയോഗിച്ചും കിഫ്ബി ഫണ്ട് ഉപയോഗിച്ചും നടത്തുന്ന തീരദേശ റോഡ് പുനരുദ്ധാരണം, ഹാർബർ വികസന പദ്ധതികൾ എന്നിവ എത്ര തുകയുടെതാണെന്ന കണക്ക് ലഭ്യമാണോ; പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

ബി) പ്രവർത്തനക്ഷമമല്ലാത്ത സംസ്ഥാനത്തെ ഹാർബറുകൾ പ്രവർത്തനയോഗ്യമാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

എ) & ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ബഡ്ജറ്റ് ഫണ്ട് ഉപയോഗിച്ച് 515.48 കോടി രൂപയുടെ തീരദേശ റോഡ് പുനരുദ്ധാരണ പ്രവൃത്തികളും 511.94 കോടി രൂപയുടെ ഹാർബർ വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 112.22 കോടി രൂപയുടെ ഹാർബർ വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് തീരദേശ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെയെല്ലാം പുരോഗതി വിലയിരുത്താറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശ റോഡുകൾക്കായി 397.52 കോടി രൂപയുടെ ബജറ്റ് വിഹിതം ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം 1204 റോഡുകൾക്ക് 515.49 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും 461 റോഡുകൾ പൂർത്തീകരിക്കുകയും 457 റോഡ് പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. ശേഷിക്കുന്ന റോഡ് പ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്.

കേരളത്തിൽ മൊത്തം 24 മത്സ്യബന്ധന തുറമുഖങ്ങളിൽ 8 എണ്ണം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചേറ്റുവ, തലായ് മത്സ്യബന്ധന തുറമുഖങ്ങൾ ഈ സർക്കാരിന്റെ കാലത്ത് കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. കൊയിലാണ്ടി, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ പൂർത്തീകരണഘട്ടത്തിലാണ്. ഈ സാമ്പത്തിക

വർഷം തന്നെ കമ്മീഷൻ ചെയ്യുന്നതാണ്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ ഡ്രെഡ്ജിംഗ്, വിഴിഞ്ഞം അദാനി പോർട്ട് ലിമിറ്റഡ് നടത്തിവരുന്നു. ഇത് ഉടനെ തന്നെ കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്. മുതലപ്പൊഴി, ചെല്ലാനം, താനൂർ, വെള്ളയിൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ ഈ സർക്കാരിന്റെ കാലത്തുതന്നെ കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്. അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം ശേഷിക്കുന്ന ഭരണാനുമതി തുകയിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ഉടൻ പുനരാരംഭിക്കുന്നതാണ്. ശേഷിക്കുന്ന ഘടകങ്ങൾക്ക് FIDF ൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനു നടപടി സ്വീകരിച്ചുവരുന്നു. ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ KIIFB പരിഗണനയിലാണ്. പരപ്പനങ്ങാടിയിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് KIIFB ൽ നിന്നും 112.22 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. CRZ Clearance ലഭിച്ചിട്ടുണ്ട്. ഉടൻ തന്നെ കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്. ഇതു കൂടാതെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയാക്കിയ തോട്ടപ്പള്ളി, കാസർഗോഡ്, കായംകുളം, മുനമ്പം, നീണ്ടകര മത്സ്യബന്ധന തുറമുഖങ്ങൾ പൂർണ്ണമായും ഉപയോഗപ്രദമാകണമെങ്കിൽ രണ്ടാംഘട്ട നിർമ്മാണം അനിവാര്യമാണ്.

CSS പദ്ധതിയിൽ കേരളത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെയും നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളുടെ രണ്ടാംഘട്ട നിർമ്മാണത്തിനുമായി 2018-19 ലെ Budget speech ൽ 584 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇതിൽ പുതുതായി നിർമ്മിക്കുന്ന പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖവും ചെത്തി മത്സ്യബന്ധന തുറമുഖവും KIIFB വഴിയും ബാക്കിയുള്ള 8 മത്സ്യബന്ധനതുറമുഖങ്ങൾ നബാർഡ് ധനസഹായത്തോടെയും നടപ്പാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതേ തുടർന്ന് 21.03.2018 തീയതിയിൽ നടന്ന മീറ്റിംഗിൽ 342 കോടി രൂപ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് മാത്രമായി നൽകാൻ കഴിയില്ലെന്നും എന്നാൽ പദ്ധതികൾക്ക് ഘട്ടംഘട്ടമായി തുക നൽകാമെന്നും 2018-19 സാമ്പത്തിക വർഷത്തിൽ ഹാർബർ

എഞ്ചിനീയറിംഗ് വകുപ്പിന് 100 കോടി രൂപ അനുവദിക്കാമെന്നും നബാർഡ് അധികൃതർ സമ്മതിച്ചിരുന്നു. ഇതനുസരിച്ചുള്ള DPR 2018 ഏപ്രിൽ ആദ്യ ആഴ്ചയിൽതന്നെ തയ്യാറാക്കി യിരുന്നുവെങ്കിലും 2018 ലെ പ്രളയ ദുരന്തത്തെ തുടർന്നുണ്ടായ സാഹചര്യത്തിൽ, മേൽപ്പടി പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടില്ല.

ആയതിനുശേഷം 01/03/2019 ൽ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം -ഫേസ് 1 (1338.00 ലക്ഷം), കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനം-ഫേസ് 1 (844.00 ലക്ഷം), മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തി (1057.00 ലക്ഷം), കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തി-ഫേസ് 1 (1720.00 ലക്ഷം), നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനം-ഫേസ് 1 (511.00 ലക്ഷം) എന്നീ പദ്ധതികൾക്കായി 54.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ എല്ലാംതന്നെ 2020 ഓടു കൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ NABARD XXIII ൽ ഉൾപ്പെടുത്തി തങ്കശ്ശേരി മത്സ്യബന്ധന തുറമുഖം അടിസ്ഥാന സൗകര്യ വികസന പദ്ധതി (625.00 ലക്ഷം), വെള്ളയിൽ മത്സ്യബന്ധന തുറമുഖം അടിസ്ഥാന സൗകര്യ വികസന പദ്ധതി (650.00 ലക്ഷം), പുതിയാപ്പ മത്സ്യബന്ധന തുറമുഖം അടിസ്ഥാന സൗകര്യ വികസന പദ്ധതി (228.00 ലക്ഷം), ചെല്ലാനം മത്സ്യബന്ധന തുറമുഖം അടിസ്ഥാന സൗകര്യ വികസന പദ്ധതി (1037.00 ലക്ഷം) എന്നീ പദ്ധതികൾക്ക് 25.40 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൻ പ്രകാരം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. NABARD XXV ൽ ഉൾപ്പെടുത്തി താനൂർ മത്സ്യബന്ധന തുറമുഖത്തെ പുലിമുട്ടുകളുടെ നിർമ്മാണം (1486.32 ലക്ഷം), വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തെ പുലിമുട്ടുകളുടെ നിർമ്മാണം (2233.11 ലക്ഷം), പുറത്തൂർ തീരസംരക്ഷണ പ്രവൃത്തി (713.70 ലക്ഷം) എന്നീ പദ്ധതികൾക്ക് 44.33 കോടി രൂപയുടെ

അംഗീകാരം 05/09/2019 ൽ ലഭിച്ച സാങ്കേതികാനുമതി നൽകി പ്രവൃത്തി ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്. നബാർഡ് പദ്ധതികൾ എല്ലാംതന്നെ 2021 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാസർഗോഡ്, കായംകുളം, തോട്ടപ്പള്ളി, അർത്തുങ്കൽ എന്നീ മത്സ്യബന്ധ തുറമുഖങ്ങളുടെ ശേഷിക്കുന്ന ഘടകങ്ങളുടെ അംഗീകാരം FIDF ൽ ലഭ്യമാകുന്നതിനായുള്ള പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി വരികയാണ്.

സി) ജീർണ്ണിച്ച് വർഷങ്ങളായി അപായ കരമായ സ്ഥിതിയിലുള്ള കൊല്ലം ക്യൂ.എസ്.എസ് കോളനി പുനർ നിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും കൊല്ലം മുനിസിപ്പൽ കോർപ്പറേഷനുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി ഇത്തരം പദ്ധതികൾ ഏറ്റെടുക്കുമോയെന്ന് അറിയിക്കുമോ?

സി) മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും (2018 -2019) മത്സ്യത്തൊഴിലാളികളുടെ പുനരധി വാസ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ ക്യു.എസ്.എസ്. കോളനിയിലെ ജീർണ്ണിച്ച് അപകടാവസ്ഥയിൽ സ്ഥിതി ചെയ്തിരുന്ന 179 ഫ്ളാറ്റുകൾ പുനർനിർമ്മിക്കുന്ന ഫ്ളാറ്റ് നിർമ്മാണ പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ ക്യു.എസ്.എസ്. കോളനിയിലെ ഫ്ളാറ്റ് നിർമ്മാണ പദ്ധതി യൂണിറ്റ് ചെലവ് 10 ലക്ഷം രൂപയിൽ അധികരിക്കാത്ത വിധം നടപ്പാക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭാഗ മായി ക്യു.എസ്.എസ്. കോളനി സ്ഥിതിചെയ്യുന്ന കൊല്ലം കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമി വിട്ടുകിട്ടുന്നതിനും മത്സ്യത്തൊഴിലാളികളല്ലാത്ത 65 താമസക്കാർക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്ന വിധം കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുമായി 23.09.2019-ൽ കരാറിൽ ഒപ്പുവച്ചിട്ടുണ്ട്.

ക്യു.എസ്.എസ്. കോളനി ഉൾപ്പെട്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഉപയോഗശൂന്യമായ റസിഡൻഷ്യൽ ഫ്ളാറ്റുകൾ പൊളിച്ച് നീക്കം

ചെയ്യുന്നതിനുള്ള നടപടി ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് മാർഗ്ഗ തടസ്സമായി നിന്നിരുന്ന സൈറ്റിലുള്ള ഇലക്ട്രിക് പോസ്റ്റുകളും 3 ഫേസ് ലൈനും മാറ്റി സ്ഥാപിക്കുന്നതിനുമായി 95,012/- രൂപ അസിസ്റ്റന്റ് എഞ്ചിനിയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, കന്റോൺമെന്റ്, കൊല്ലത്തിന് അനുവദിച്ചിട്ടുണ്ട്.

ഫ്ളാറ്റുകൾ പൊളിച്ച് നീക്കം ചെയ്യുന്ന നടപടി പൂർത്തിയാകുന്ന മുറയ്ക്ക് മത്സ്യത്തൊഴിലാളികൾക്കായി 114 ഫ്ളാറ്റുകൾ ഫിഷറീസ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചും മറ്റു താമസക്കാർക്കായി 65 ഫ്ളാറ്റുകൾ കൊല്ലം കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ചും പ്രത്യേകം ടെണ്ടർ ക്ഷണിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയാക്കി ക്കൊണ്ട് നിർമ്മാണം ആരംഭിക്കുന്നതാണ്.

**സെക്ഷൻ ആഫീസർ**